**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി) നം. 4501/2018 ആന്റ് ഡബ്ല്യു.എ. നം. 694/2019 നമ്പർ വിധിന്യായ പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ പുതുപരിയാരം നം.1 വില്ലേജിൽ പരേതനായ ദാമോദരന്റെ അനന്തരാവകാശികൾ കൈവശം വച്ചുവരുന്ന ഭൂമിയിലെ റബ്ബർ മരങ്ങൾ വനം വകുപ്പ് മുറിച്ചുമാറ്റി വനവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമി 1979 ൽ നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഇൻഡ്യാ ഗവൺമെന്റ് അംഗീകരിച്ച പാലക്കാട് ഫോറസ്റ്റ് ഡിവിഷന്റെ 2019-20 മുതൽ 2029-30 വരെയുള്ള വർക്കിംഗ് പ്ലാൻ ഭാഗം 1, ഖണ്ഡിക 15.04.3.2 പ്രകാരം കോടതി വ്യവഹാരങ്ങൾക്കു ശേഷം ലഭ്യമായ റബ്ബർ തോട്ടങ്ങൾ പരിസ്ഥിതി പുന:സ്ഥാപനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ കേരള സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം തീയതി 17.12.2021 പ്രകാരം കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബ ന്ധിച്ച് നയരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെ ഭാഗമായാണ് പ്രസ്തുത വനഭൂമിയിൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റി സ്വാഭാവിക വനവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ളത്. |
| (ബി) | ഇതുപോലുള്ള സ്ഥലങ്ങളിലെ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി വനവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണമെന്ന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമി 1979 ൽ നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഇൻഡ്യാ ഗവൺമെന്റ് അംഗീകരിച്ച പാലക്കാട് ഫോറസ്റ്റ് ഡിവിഷന്റെ 2019-20 മുതൽ 2029-30 വരെയുള്ള വർക്കിംഗ് പ്ലാൻ ഭാഗം 1, ഖണ്ഡിക 15.04.3.2 പ്രകാരം കോടതി വ്യവഹാരങ്ങൾക്കു ശേഷം ലഭ്യമായ റബ്ബർ തോട്ടങ്ങൾ പരിസ്ഥിതി പുന:സ്ഥാപനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ കേരള സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം തീയതി 17.12.2021 പ്രകാരം കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബ ന്ധിച്ച് നയരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെ ഭാഗമായാണ് പ്രസ്തുത വനഭൂമിയിൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റി സ്വാഭാവിക വനവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | 1993-ലെ കേരള ലാന്റ് അസൈൻമെന്റ് (റഗുലറൈസേഷൻ ഓഫ് ഒക്കുപേഷൻ ഓഫ് ഫോറസ്റ്റ് ലാന്റ് പ്രയർ റ്റു 1.1.1977) സ്പെഷ്യൽ റൂൾസ്, ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ